# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: 1515. **06-03-2017 ൽ മറുപടിയ്ക്ക്**

## ചെട്ടിപാടം പാടശേഖരം

**ചോദ്യം**
ശ്രീ.ജോൺ ഫെർണാണ്ടസ്

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽപ്പെട്ടതും വർഷങ്ങളായി കൃഷി ചെയ്തിരുന്നതും ഇപ്പോൾ തരിശായി വെള്ളം കയറ്റി ഇട്ടിരിക്കുന്നതുമായ ഏക്കറു കണക്കിനുള്ള ചെട്ടിപാടം പാടശേഖരം കൃഷിയ്ക്കനുയോജ്യമാക്കാൻ നടപടി സ്വീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | അടിസ്ഥാന സൗകര്യങ്ങളുടെ അഭാവംമൂലം കർഷകർ കൃഷിചെയ്യുന്നതിന് തയ്യാറാകാത്തത് മൂലമാണ് ഇടക്കൊച്ചി വില്ലേജിൽപ്പെട്ട ചെട്ടിപാടം പാടശേഖരം കൃഷിയ്ക്കനുയോജ്യമാക്കാൻ സാധിക്കാത്തത്. ഉപ്പുവെള്ളം കയറിയിറങ്ങുന്നത് നിയന്ത്രിക്കുന്നതിനുള്ള സംവിധാനങ്ങളും ഇപ്പോൾ നിലവിലില്ല. |
| (ബി) | പ്രസ്തുത പാടശേഖര ഭൂമിയുടെ യഥാർത്ഥ അവകാശികൾ ആരെല്ലാമാണെന്ന വിവരം ശേഖരിച്ചിട്ടുണ്ടോ; | (ബി) | പാടശേഖര സമിതി നൽകിയ ലിസ്റ്റ് പ്രകാരം കർഷകരുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. |
| (സി) | പ്രദേശത്തെ കർഷക സംഘടനകളുടെയും കൃഷിഭൂമി കൈവശക്കാരുടെയും യോഗം വിളിച്ചുചേർത്ത് കൃഷി ഇറക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | (സി) & (ഡി) | 2017 ഏപ്രിൽ മാസം ആദ്യ ആഴ്ച കർഷകരുടെ യോഗം വിളിച്ചുചേർത്ത് ആവശ്യമായ അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ പ്രൊപ്പോസൽ തയ്യാറാക്കി അംഗീകാരം ലഭിയ്ക്കുന്ന മുറയ്ക്ക് 25 ഹെക്ടർ പൊക്കാളി നെൽകൃഷി നടപ്പിലാക്കുന്നതാണ്. തരിശു നിലങ്ങൾ കൃഷിയോഗ്യമാക്കുന്ന പദ്ധതിയുടെ ഭാഗമായി ഈ പാടശേഖരങ്ങളും കൃഷി യോഗ്യമാക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിക്കുന്നതാണ്. |
| (ഡി) | എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ